# ഉയിർപ്പ് ഞായർ - മാർച്ച് 27, 2016

(യോഹ. 20: 1-18)

**വചനസന്ദേശം: റവ. ഡോ. ജിമ്മി പൂച്ചക്കാട്ട്**

ഇന്ന് ഉയിർപ്പ് ഞായർ. സഭയിലെ ഏറ്റവും പ്രധാന തിരുനാൾ. തിരുനാളുകളുടെ തിരുനാൾ എന്നും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽത്തന്നെ വർത്തിക്കുന്നു. ക്രിസ്തുവിൽ നിദ്രപ്രാപിച്ചവർ നശിച്ചുപോവുകയും ചെയ്തിരിക്കുന്നു. ഈ ജീവിതത്തിനു വേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്. എന്നാൽ, നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു (15: 14-20). യേശുക്രിസ്തുവിന്റെ പീഡാനുഭവമരണ ഉത്ഥാനത്തെയാണ് നാം ഈ ആഴ്ച പ്രത്യേകമായി അനുസ്മരിച്ചത്. എന്നാൽ നമ്മുടെ ജീവിതങ്ങളെ അതിന്റെ സഹന മരണങ്ങളെ നാം പ്രത്യേകം ചിന്താവിഷയമാക്കി. ഇന്ന് നമ്മുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമായ സ്വർഗ്ഗരാജ്യപ്രവേശനത്തെയും ഉത്ഥിതനോടൊപ്പമുള്ള ജീവിതത്തെയും സ്വപ്നം കാണേണ്ട, വിചിന്തനം നടത്തേണ്ട ദിവസമാണ്.

2003 ജനുവരി നാല് ശനി. ഇടക്കുന്നു നസ്രത്ത് ദേവാലയവും പരിസരവും ജനനിബിഡമാണ്. നൂറുകണക്കിനു വൈദികർ, അതിലേറെ സിസ്റ്റേഴ്സ്, പിന്നെ വിശ്വാസികളായ അല്മായ സുഹൃത്തുക്കളും. മോൺ. മാത്യു മങ്കുഴിക്കരിയുടെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുവാനെത്തിയതാണ് എല്ലാവരും. ആ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുവാനെത്തിയ ഞാനും ആ മൃതദേഹത്തിനരികിൽ പോയി കുറേസമയം നിന്നു. അന്തിമാഭിവാദനം അർപ്പിക്കുവാൻ നീണ്ടനിരയാണ്. എല്ലാവരും വന്ന് വല്ല്യച്ചനെ ചുംബിക്കുന്നു, വിശ്വാസത്തോടെ. കുറേപ്പേർ കൈയിൽ കുറേ ഭക്ത സാധനങ്ങളുമായി വരുന്നു. കൊന്ത, വെന്തിങ്ങ, കാശുരൂപം തുടങ്ങി പലതും. അവർക്കത് വല്ല്യച്ചന്റെ മൃതദേഹത്തിൽ തൊടുവിച്ച് കൊണ്ടുപോകണം. കൂടുതൽ പൂജ്യമായി സൂക്ഷിക്കാൻ. വൈദികർ തുടങ്ങി പലരും ആ ശവമഞ്ചത്തിൽ നിന്ന് രണ്ടിതൾ പൂവെടുത്ത് രഹസ്യമായി സൂക്ഷിച്ച് കൊണ്ടുപോകു ന്നതും കണ്ടു.

എന്താ ഈ വൈദികനിത്ര പ്രത്യേകത. ഒരു സാധാരണ ഇടവക വൈദികൻ. എറണാകുളം-അങ്കമാലി അതിരൂപതാംഗം. ഇത്തരത്തിൽ എത്രയോ പേരുടെ മൃതസംസ്കാരം നാം കൂടിയിരിക്കുന്നു. വലിയ സ്ഥാനങ്ങളൊന്നും വഹിക്കാത്ത ചരിത്രപുരുഷനാകാത്ത, അധികാരികൾ കൊടുത്ത സ്ഥാനത്തെപ്പറ്റിപ്പോലും എളിമയോടെ ഞാൻ അങ്ങനെ അല്ല എന്നു പറഞ്ഞ വ്യക്തി. എങ്കിലും ജനം തിക്കിത്തിരക്കുന്നു. ഒന്നു തൊടാൻ, ഒന്നു ചുംബി ക്കാൻ... പള്ളിയുടെ സൈഡിൽ നിൽക്കുമ്പോൾ ആഴ്ചകൾക്കു മുമ്പു നടന്ന ഒരു മൃതസംസ്കാരമാണ് ഓർത്തത്. മക്കൾ പോലും ഒന്നു തൊടാൻ കൂട്ടാക്കാത്ത, മരിച്ചുകിട്ടിയതുകൊണ്ട് ഉടനെ സംസ്കരിക്കപ്പെടുന്ന ഒരു കുടുംബ നാഥനായിരുന്നു അന്ന് ശവമഞ്ചത്തിൽ!! അയാളുടെ ജീവിതം അറിയാവുന്നവർ പറഞ്ഞു. അത്തരം ഒരു മൃതസംസ്കാരത്തിനേ അയാൾക്കർഹത യുള്ളൂവെന്ന്. അങ്ങനെയെങ്കിൽ ഇവിടെ ഇത്രയും ആളുകൾ തിക്കിത്തിരക്കുന്നത് വല്ല്യച്ചന്റെ ജീവിതവും വിശുദ്ധിയും സ്നേഹവും ലാളിത്യവും എല്ലാം എല്ലാം എല്ലാവർക്കും ഇഷ്ടപ്പെട്ടതുകൊണ്ടല്ലേ. മേൽപറഞ്ഞ കുടുംബനാഥന്റെ ഭൗതികാവശിഷ്ടം ഒരു ശവമായി മഞ്ചത്തിൽ കിടന്ന പ്പോൾ ഇവിടെയിതാ വല്ല്യച്ചന്റെ ഭൗതികാവശിഷ്ടം ഒരു തിരുശേഷിപ്പായിആളുകൾ

കാണുന്നു. വിശുദ്ധ വസ്തുക്കൾ പോലും അതിൽ തൊടുവിച്ച് കൂടുതൽ വിശുദ്ധമാക്കുന്നു. വല്ല്യച്ചന്റെ മൃതദേഹസ്പർശമേറ്റ പുഷ്പങ്ങൾ ക്കുപോലും വിശുദ്ധിയുടെ പരിവേഷം ല ഭിക്കുന്നു. ഇതൊന്നും ആ മൃതദേഹത്തിന്റെ പ്രത്യേകത കൊണ്ടല്ലല്ലോ. ജീവനുണ്ടായിരുന്നപ്പോൾ ആ ദേഹം കൊണ്ടു ചെയ്തു കൂട്ടിയ നന്മ കൊണ്ടല്ലേ!

ഈ ഈസ്റ്റർ ദിനത്തിൽ ഒരു ചെറിയ ചോദ്യം മാത്രം. അതിനു നിങ്ങൾ ഉത്തരം കണ്ടുപിടിക്കണം. നീ മരിച്ചാൽ നിന്റെ ഭൗതികാവശിഷ്ടം ഒരു ശവമായി മാറുമോ? അതോ ഒരു തിരുശേഷിപ്പാകുമോ? എന്റെ മരണ ദിവസം എന്റെ വീട്ടുമുറ്റത്തോ, മഠത്തിലോ, പള്ളിയിലോ ഒരു ശവമഞ്ചത്തിൽ കിടക്കുമ്പോൾ ഏതു മനോഭാവത്തോടെ ആയിരിക്കും ആളുകൾ അതിനു ചുറ്റും നിൽക്കുക? ഈ ചോദ്യത്തിന് ധ്യാനിച്ച് ഒരു ഉത്തരം കണ്ടുപിടിക്കാനായാൽ അത് നമ്മുടെ ഇന്നത്തെ ജീവിതാവസ്ഥ എന്താണ് എന്നതിന്റെ ഉത്തരം തന്നെയായിരിക്കും.

ഭൗതികാവശിഷ്ടം ശവമായി മാറുന്ന ദുരവസ്ഥയാണ് നിങ്ങൾക്കു ള്ളതെങ്കിൽ ഇനിയും ഏറെ സഞ്ചരിക്കേണ്ടിയിരിക്കുന്നു. കൂടുതൽ വിശുദ്ധി പ്രാപിക്കേണ്ടിയിരിക്കുന്നു. കൂടുതൽ സ്നേഹിക്കേണ്ടിയിരിക്കുന്നു. കൂടുതൽ നന്മ ചെയ്യേണ്ടിയിരിക്കുന്നു. കൂടുതൽ പുണ്യങ്ങൾ സമ്പാദിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ദൈവത്തിന്റെ ഇഷ്ടഭാജനവും മനുഷ്യരുടെ ആദരവും സ്നേഹവും ലഭിക്കുന്നവരുമായി നാം മാറണം. ഇരുന്ന കസേരയുടെയോ, വഹിച്ച സ്ഥാനത്തിന്റെയോ മഹത്ത്വമല്ല യഥാർത്ഥ മഹത്ത്വം. എന്നും സ്വർഗ്ഗത്തിനായി നിക്ഷേപം വാരിക്കൂട്ടുന്നവരെ ജനം വിശുദ്ധർ എന്നു വിളിക്കുന്നു. അവരുടെ മൃതദേഹത്തിനുപോലും വലിയ ഡിമാന്റ് ആണ്. ലോകത്തിനും ലോക സുഖങ്ങൾക്കുമായി ജീവിക്കുന്നവനെ ആരും ഒരു മാന്യനായി കാണുന്നില്ല. സ്ഥാനമാനങ്ങൾക്കും അധികാര കസേരകൾക്കുമായി കിടമത്സരം നടത്തുന്നവരെ ആരും ആദരിക്കുന്നുമില്ല. അവരുടെയൊന്നും മൃതദേഹത്തെയല്ല ജീവിച്ചിരിക്കുന്ന ദേഹത്തെപ്പോലും ആരും ആദരവോടെ നോക്കുന്നില്ല.

ഈ വർഷത്തെ എറണാകുളം-അങ്കമാലി അതിരൂപതയുടെ പത്താം ക്ലാസ് മതബോധന പരീക്ഷയുടെ പൊതുചോദ്യം ഇതായിരുന്നു. നിങ്ങളുടെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം എന്താണ്. പത്താം ക്ലാസ് വിദ്യാർത്ഥി എന്ന നിലയിൽ അതു നേടിയെടുക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യുന്നു. 80 ശതമാനം പേർക്കും ഉത്തരം കൃത്യമായിരുന്നു. അതു സ്വർഗ്ഗരാജ്യവും നിത്യ ജീവിതവും ആണ്. എന്നാൽ പത്തുവർഷം വേദപാഠം പഠിച്ച, പല വികാരി അച്ചന്മാരുടെയും പ്രസംഗങ്ങൾ മാറി മാറി കേട്ട, മാതാപിതാക്കൾ വിശ്വാസത്തിൽ വളർത്തി എന്ന് അഭിമാനം കൊള്ളുന്ന ഇരുപത് ശതമാനത്തിന് ഇപ്പോഴും അവരുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പോലീസാകലും, എഞ്ചിനീയറാകലും ഒക്കെയാണ്. പൗലോസ് അപ്പസ്തോലന്റെ വാക്കുകളാണ് ഇവിടെ പ്രസക്തമാകുന്നത്. മരിച്ചവർക്കു പുനരുത്ഥാനമില്ലെങ്കിൽ നമുക്കു തിന്നുകയും കുടിക്കുകയും ചെയ്യാം; എന്തെന്നാൽ, നാളെ നമ്മൾമരിച്ചുപോകും. നിങ്ങൾ വഞ്ചിതരാകരുത്. അധമമായ സംസർഗം സദാചാര ങ്ങളെ ദുഷിപ്പിക്കും. നിങ്ങൾ നീതിപൂർവം സമചിത്തത പാലിക്കയും പാപം വർജിക്കയും ചെയ്യുവിൻ. ചിലർക്കു ദൈവത്തെപ്പറ്റി ഒരറിവുമില്ല. നിങ്ങളെ ലജ്ജിപ്പിക്കാനാണ് ഞാൻ ഇതു പറയുന്നത് (1 കോറിന്തോസ് 15:32-34). മാമ്മോദീസ സ്വീകരിച്ചവൻ സ്വർഗ്ഗരാജ്യത്തിലേക്കുള്ള യാത്ര നടത്തുന്നവനാണ്. യേശുവിന്റെ ഉത്ഥാനമാണ് നമ്മുടെ ജീവിതത്തിനു പ്രതീക്ഷ നൽകേണ്ടത്. എങ്കിൽ ഉയിർപ്പു തിരുനാൾ കള്ളുകുടിക്കാനും ആഘോഷിക്കാനു മുള്ള തിരുനാളല്ല മറിച്ച് നമ്മുടെ ജീവിതങ്ങളെ ആഴമായി അപഗ്രഥിച്ച് നന്മയിലേക്കു നടക്കേണ്ട, സ്വർഗ്ഗരാജ്യത്തെ കൂടുതലായി സ്വപ്നം കാണേണ്ട ദിനമാവണം.